**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 598** **11-11-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയുടെ ആധുനികവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര മേഖലയുടെ ആധുനികവത്ക്കരണത്തിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ക്ഷീര മേഖലയുടെ ആധുനികവത്ക്കരണത്തിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ക്ഷീരസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന വിവിധ പദ്ധതികൾ “ക്ഷീരസംഘങ്ങൾക്ക് ധനസഹായം” പദ്ധതിയിലൂടെ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണി നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ |

| | | | |
|---|---|---|---|
| | | | സംവിധാനം ശക്തിപ്പെടുത്തുവാനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ക്ഷീര മേഖലയുടെ ആധുനികവത്ക്കരണത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | ക്ഷീര മേഖലയുടെ ആധുനികവത്ക്കരണം, അടിസ്ഥാന സൗകര്യ വികസനം, സംരംഭകത്വം എന്നിവ ലക്ഷ്യമാക്കി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിയ്ക്കാവശ്യമായ യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്.ചിലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്. അവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ കർഷകർക്ക് പശുവളർത്തലിനാവശ്യമായ നൂതനമായ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം നൽകുന്നു. മിൽക്കിംഗ് മെഷീൻ/പാർലർ, ഓട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗൾ, ക്ലൈമറ്റ് കൺട്രോൾ സംവിധാനങ്ങൾ, തൊഴുത്ത് വൃത്തിയാക്കുന്നതിനായുള്ള പ്രഷർ വാഷർ സംവിധാനം, സ്ലറി പമ്പ് തുടങ്ങിയ സംവിധാനങ്ങൾ കർഷകർ നിലവിൽ ഉപയോഗിച്ചുവരുന്നു. നൂതനമായ സാങ്കേതികവിദ്യകൾ ക്ഷീരവികസന വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെയും ക്ഷീരപരിശീലനകേന്ദ്രങ്ങൾ നടത്തിവരുന്ന പരിശീലനങ്ങളിലൂടെയും ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ